പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :.*8 — 10/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ

ചോദ്യം — മറുപടി

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : കുമാരി.പി.കെ.ജയലക്ഷ്മി
ശ്രീ.കെ.എം.ഷാജി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
ശ്രീ.കെ.എൻ.എ.ഖാദർ കാഴ്ചബംഗ്ളാവുകളും
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗത്തിലെ 22 വിഭാഗങ്ങളും വിദ്യാഭ്യാസപരമായി അതീവ പിന്നോക്കാവസ്ഥയിലാണ് എന്ന 'കില'യുടെ പരിശോധനാ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ പരിമിതമായ ജനസംഖ്യയുള്ള പിന്നോക്കാവസ്ഥയിലുള്ള ചില പട്ടികവർഗ്ഗ സമുദായങ്ങൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണ വകുപ്പും കിലയുമായി ചേർന്ന് നടത്തിയ സർവ്വേ റിപ്പോർട്ട് അനുബന്ധം(1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഒരാൾ പോലും ഇതേ വരെ ഒരു പ്രവേശന പരീക്ഷ പോലും എഴുതാനുള്ള യോഗ്യത നേടിയിട്ടില്ലെന്ന ഗുരുതര സ്ഥിതി വിശേഷം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (ബി) | പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് താമസ ഭക്ഷണ സൗകര്യത്തോടെയുള്ള ആശ്രമ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ നടത്തുന്നു. വീട്ടിൽ പോയി |

| | | | |
|---|---|---|---|
| | | | വരാനാകാത്തവർക്കായി താമസിച്ച് പഠിക്കുന്നതിനുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രത്യേക ട്യൂഷനും നൽകുന്നു. 8,9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലിൽ ചേർത്ത് പഠിപ്പിക്കുന്നതിന് രക്ഷിതാക്കൾക്ക് ട്യൂഷൻ ഫീസ് നൽകി വരുന്നു. പ്രവേശന പരീക്ഷയിൽ മികവ് പുലർത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന +2 സയൻസ് വിഷയമെടുത്ത് പഠിച്ച് പാസ്സായ 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷ പരിശീലന മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമായ ബ്രില്യന്റ് സ്റ്റഡീ സെന്ററിന്റെ കോട്ടയത്തെ പാലായിലെ മുത്തോലിയിലെ സെന്ററിൽ വച്ച് ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. പ്രവേശന പരീക്ഷയ്ക്ക് മുൻപായി തെരഞ്ഞെടുത്ത 175 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന തീവ്രപരിശീലന പരിപാടിയും നടത്തിവരുന്നുണ്ട്. കൂടാതെ +2 സയൻസ് ബാച്ചുള്ള 5 എം.ആർ.എസ്സുകളിലെ വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | കൾക്കായി എം.ആർ.എസുകളിൽ വച്ചുതന്നെ അവധി ദിവസങ്ങളിൽ പ്രഗല്ഭരായ അദ്ധ്യാപകർ പ്രവേശന പരീക്ഷാ പരിശീലനം നടത്തി വരുന്നുണ്ട്. ഇപ്രകാരം 2007 മുതൽ ആകെ 623 പേർക്ക് പരിശീലനം നൽകിയതിൽ 107 പേർ വിവിധ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനായി യോഗ്യതനേടി. 2011,2012 വർഷം പരീക്ഷ എഴുതിയവർക്ക് ലഭിച്ച കോഴ്സുകൾ എൻട്രൻസ് കമ്മീഷണറിൽ നിന്നും ലഭ്യമായത് അനുബന്ധം (2)ആയി ചേർക്കുന്നു. |
| (സി) | ഇവർക്കായുള്ള വിദ്യാഭ്യാസ പരിപാടികൾ ഒന്നും തന്നെ ഈ വിഭാഗങ്ങളിൽ എത്തിപ്പെട്ടില്ല എന്നതിന്റെ കാരണങ്ങൾ അന്വേഷിച്ച് ഉത്തരവാദികൾ ആരെന്നു കണ്ടെത്താനും, ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രീമെട്രിക് തലത്തിൽ 2012-13 വർഷം 83765 പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികളും വിവിധ പോസ്റ്റ് മെട്രിക് തലത്തിൽ 12864 കുട്ടികളും പഠിച്ചിരുന്നു. ഇവർക്കായുള്ള 18 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ 11 സ്ക്കൂളുകളിൽ എസ്.എസ്.എൽ.സി യ്ക്ക് 100% വിജയം കരസ്ഥമാക്കുകയും ഹയർസെക്കന്ററി തലത്തിൽ 100% വിജയം നേടിയ രണ്ട് സർക്കാർ സ്ക്കൂളുകളിൽ ഒന്ന് |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി മോഡൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്ക്കൂളുമാണ്. വിവിധ സെമസ്റ്ററുകളിലായി എം.ബി.ബി.എസ്സ് കോഴ്സിന് പട്ടിക വർഗ്ഗത്തിൽപ്പെട്ട 102 വിദ്യാർത്ഥികളും എഞ്ചിനിനീയറിംഗിന് 580 വിദ്യാർത്ഥികളും മറ്റ് വിവിധ പ്രൊഫഷണൽ കോഴ്സുകളിലായി 614 വിദ്യാർത്ഥികളും പഠനം നടത്തി വരുന്നു. ഇക്കാരണത്താൽ ഇവർക്കായുള്ള വിദ്യാഭ്യാസ പരിപാടികൾ ഒന്നും തന്നെ ഈ വിഭാഗങ്ങളിൽ എത്തിപ്പെട്ടിട്ടില്ല എന്നത് ശരിയല്ല. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ഉന്നത പഠന സാദ്ധ്യതകളെ കുറിച്ചും വൈവിദ്ധ്യമാർന്ന തൊഴിലവസരങ്ങളെക്കുറിച്ചും അവബോധം വിദ്യാർത്ഥികളിലും അഭ്യസ്തവിദ്യരായ യുവതീയുവാക്കളിലും സൃഷ്ടിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രജ്യോതി അടക്കം വൈവിദ്ധ്യമാർന്ന പരിപാടികൾ നടപ്പാക്കി വരുന്നു. കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ അതീവ ജാഗ്രത പുലർത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്